ടെലഫോൺ : 2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും, ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ. 28/ബി1-എസ്റ്റാ/2020/എൻ.സി.സി

06 മാർച്ച് 2020

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും

സർ,

വിഷയം : എൻ.സി.സി എസ്റ്റാ : കേരള സംസ്ഥാന ദുരന്ത പരിപാലന അതോറിറ്റി രൂപീകരിക്കുന്ന സന്നദ്ധ സേനയിൽ അംഗമാകുന്നത് - സംബന്ധിച്ച്.

സൂചന : 1. ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പിന്റെ 25.02.2020-ലെ കെ3/80/2020/ ഉ.വി.വ നമ്പർ കത്ത്.

2. എൻ.സി.സി ഡയറക്ടറേറ്റിന്റെ 17.01.2019-ലെ ഇതേ നമ്പർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്ത് രൂപീകരിക്കപ്പെടുന്ന സന്നദ്ധ സേനയിൽ അംഗമാകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ബഹു. മുഖ്യമന്ത്രി വിദ്യാർത്ഥികളോടും യുവജനങ്ങളോടും നടത്തുന്ന അഭ്യർത്ഥന ഉള്ളടക്കം ചെയ്ത സൂചന (1) പ്രകാരമുള്ള കത്ത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അംഗങ്ങളാകാൻ താൽപര്യമുള്ള എൻ.സി.സി കേഡറ്റുകൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് യൂണിറ്റുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

(കെ അനിൽ കുമാർ)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

ഉള്ളടക്കം : മേൽ സൂചിപ്പിച്ച പ്രകാരം.

File No.HEDN-K3/80/2020-HEDN

ഭരണഭാഷ - മാതൃഭാഷ

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്

നമ്പർ.കെ3/80/2020/ഉ.വി.വ

25/02/2020,തിരുവനന്തപുരം

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
4. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/ കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, നുവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.
5. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
6. സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം.

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - കേരള സംസ്ഥാന ദുരന്ത പരിപാലന സമിതി അതോറിറ്റി രൂപീകരിക്കപ്പെടുന്ന സന്നദ്ധ സേനയിൽ അംഗമാകുന്നതിന് - സംബന്ധിച്ച്.

PTO

File No.HEDN-K3/80/2020-HEDN

സംസ്ഥാനത്ത് രൂപീകരിക്കപ്പെടുന്ന സന്നദ്ധ സേനയിൽ അംഗമാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി വിദ്യാർത്ഥികളോടും യുവജനങ്ങളോടും നടത്തുന്ന അഭ്യർത്ഥന ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കേരള സംസ്ഥാന ദുരന്തപരിപാലന അതോറിറ്റി (KSDMA) ആരംഭിക്കുന്ന ഓൺലൈൻ പോർട്ടൽ (www.sannadham.kerala.gov.in) വഴിയാണ് പേരു രജിസ്റ്റർ ചെയ്യേണ്ടത്.

ആയതിനാൽ താങ്കളുടെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാമൂഹിക സന്നദ്ധ സേനാംഗങ്ങളാകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് മേൽ പരാമർശിച്ച ഓൺലൈൻ പോർട്ടൽ പ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

വിശ്വസ്തതയോടെ,
RAJESHKUMAR.K.K.
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

Copy be given to Central wing

29/2/2020

29/2/20

1735

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

13.02.2020

പ്രിയപ്പെട്ട വിദ്യാർത്ഥി/യുവജന സുഹൃത്തുക്കളെ,

മുൻകാലത്തൊന്നും ഉണ്ടാകാത്തവിധം ആവർത്തിക്കപ്പെട്ട പ്രകൃതിദുരന്തങ്ങളിലൂടെയാണ് കേരളം കഴിഞ്ഞ മൂന്നു വർഷവും കടന്നുപോന്നതെന്നതു മനസിലാക്കുന്നവരാണല്ലോ നിങ്ങളോരോരുത്തരും. 2017ലെ ഓഖി ചുഴലിക്കൊടുങ്കാറ്റിലും 2018 ലെ മഹാപ്രളയത്തിലും 2019ലെ പേമാരിയിലും മലയിടിയലിലുമായി നമുക്കൊട്ടേറെ വിലപ്പെട്ട ജീവനുകളും ഉപജീവനോപാധികളും നാട്ടിലുടനീളമുള്ള നിർമ്മിതികളും അടിസ്ഥാന സൗകര്യങ്ങളും നഷ്ടമായി. എങ്കിലും ഈ ദുരന്തമുഖങ്ങളിൽ ഓരോന്നിലും നമ്മുടെ സമൂഹമൊന്നാകെ, അനിതരസാധാരണമായ കരുത്തോടെയുള്ള രക്ഷാപ്രവർത്തനവും സമാശ്വാസ നടപടികളും കാഴ്ചവച്ചു. അതിൽ എടുത്തുപറയത്തക്ക പങ്കാളിത്തമാണ് യുവജനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായത്. പ്രത്യേകിച്ച് ആരും വിളിച്ചുകൂട്ടാനൊന്നും കാത്തുനിൽക്കാതെ വളരെ വേഗത്തിലാണ് എല്ലാവരും പ്രതികരിച്ചതും ഒത്തുചേർന്ന് പ്രവർത്തിച്ചതും. ആധുനിക സാങ്കേതികവിദ്യാ സൗകര്യങ്ങളും സോഷ്യൽ മീഡിയയുടെ സേവനവും രക്ഷാപ്രവർത്തനങ്ങളിൽ ഫലപ്രദമായി ഉപയോഗപ്പെടുത്താനായതും യുവജനങ്ങളുടെ വലിയതോതിലുണ്ടായ പങ്കാളിത്തത്തിന്റെ ഫലമായിരുന്നു. കടന്നുപോയ എല്ലാ ദുരന്തങ്ങളേയും അതിജീവിക്കാനും വളരെ വേഗത്തിൽ സാധാരണ നിലയിലേക്കു തിരിച്ചെത്താനും ഈ ഒത്തൊരുമ തന്നെയാണ് നമ്മെ വലിയതോതിൽ സഹായിച്ചത്.

ആഗോള കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങൾ പലതും ഇനിയും ആവർത്തിക്കപ്പെടാമെന്നാണ് വിദഗ്ദ്ധരുടെ നിരീക്ഷണം. അതുകൊണ്ടുതന്നെ ഫലപ്രദമായ ദുരന്തപ്രതികരണ സംവിധാനം നമുക്കുണ്ടാകണം. പ്രകൃതിദുരന്തങ്ങളിൽ മാത്രമല്ല, നാട്ടിലെവിടെയും ഏതു സമയത്തും ഉണ്ടാകാവുന്ന അപകടങ്ങളിലും അത്യാഹിതങ്ങളിലുമൊക്കെ സഹായമെത്തിക്കാൻ കഴിയുന്ന സന്നദ്ധശേഷി നമ്മുടെ സമൂഹത്തിന് ആവശ്യമാണ്. വാഹനാപകടങ്ങൾ, അഗ്നിബാധ തുടങ്ങി നിനച്ചിരിക്കാതെയുണ്ടാകുന്ന പ്രതിസന്ധികളിൽ വേഗം ഇടപെടാനാകുന്ന പ്രവർത്തകർ ഏറ്റവും അടുത്തുണ്ടായാൽ ആളപായവും നാശനഷ്ടവും കുറയ്ക്കുന്നതിനുള്ള സാധ്യത ഏറെയാണ്.

എന്നാൽ, നിലവിൽ പ്രതിസന്ധി ഘട്ടങ്ങളിലെ വിവിധങ്ങളായ വെല്ലുവിളികൾ നേരിടുന്നതിനുള്ള അടിസ്ഥാന പരിശീലനത്തിന്റെ അഭാവം നമ്മുടെ സമൂഹത്തിൽ വളരെ

341, മൂന്നാം നില, നോർത്ത് ബ്ലോക്ക്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം പിൻ 695 001

ഫോൺ 0471 2333241, 2333812, 2333610 ഫാ 0471 2333489
chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
www.keralacm.gov.in

വസതി
ക്ലിഫ് ഹൗസ്,
ഫോൺ 0471 2318406, 2314853

വ്യക്തമാണ്. സഹജീവികളോടുള്ള കരുതലും തികഞ്ഞ സേവന സന്നദ്ധതയും മനസ്ഥൈര്യവും മാത്രം കൈമുതലാക്കിയാണ് ആളുകൾ ദുരന്തഘട്ടങ്ങളിൽ രക്ഷാപ്രവർത്തനത്തിന് ഇറങ്ങിപ്പുറപ്പെട്ടത്. പക്ഷേ ഇതുമൂലം ചിലപ്പോൾ, സേവന സന്നദ്ധരായെത്തുന്നവരുടെ ജീവൻതന്നെ അപകടത്തിലാകാം. അതു നമുക്ക് അനുവദിക്കാവുന്നതല്ല. ഇക്കാരണത്താൽ, സംസ്ഥാനത്ത് ഓരോ നൂറു പേർക്കും ഒരാളെന്ന നിലയ്ക്ക് 3,40,000 പേരുള്ള സാമൂഹിക സന്നദ്ധസേന രൂപീകരിക്കുന്നതിന് നാം തീരുമാനിച്ചിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരതാ യജ്ഞവും, ജനകീയാസൂത്രണ പദ്ധതിയും, പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പദ്ധതിയും പോലെ എല്ലാവരേയും ഒന്നിച്ചു ചേർത്തുള്ള സന്നദ്ധപ്രവർത്തനമായാണ് നമുക്ക് ഇതും നടപ്പാക്കേണ്ടത്.

18 വയസ്സിനും 65 വയസ്സിനുമിടയ്ക്കു പ്രായമുള്ള, ആരോഗ്യമുള്ള (മുഴുവൻ സമയ സേവനം നൽകേണ്ടുന്ന സേവനമേഖലകളിൽ പ്രവർത്തിക്കുന്നവരല്ലാത്ത) . ഏതൊരു വ്യക്തിക്കും സാമൂഹികസന്നദ്ധസേനയിൽ അംഗമാകാം. എന്നാൽ യുവജനങ്ങളാണ് ഈ സേനയുടെ യഥാർത്ഥ കരുത്തായി മാറേണ്ടത്. നാളത്തെ കേരളത്തെ നയിക്കേണ്ടവരായ യുവതലമുറ തന്നെയാണ് കേരളത്തിന്റെ വരുംകാല വെല്ലുവിളികളെ കൂടുതൽ നന്നായി മനസിലാക്കേണ്ടതും അതിനെ നേരിടാൻ സജ്ജരാകേണ്ടതും. പ്രളയകാലത്തു നാം കണ്ടതുപോലെ ആധുനിക സാങ്കേതികവിദ്യകളും ആഗോള മാതൃകകളും തുറന്നുതരുന്ന സാദ്ധ്യതകൾ കൂടുതൽ ഫലപ്രദമായി ദുരന്തപരിപാലന പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താനാകുന്നതും യുവതലമുറയ്ക്കു തന്നെയായിരിക്കും. കേരളത്തിൽ നമ്മുടെ വിവിധ യുവജനപ്രസ്ഥാനങ്ങളുടെ അമരക്കാരായും പ്രവർത്തകരായും സാമൂഹികമണ്ഡലത്തിൽ സജീവസാന്നിദ്ധ്യമായ ധാരാളം യുവാക്കളുണ്ട്. സമൂഹത്തിൽ ഏറെ പ്രസക്തവും ജനജീവിതങ്ങളെ ആഴത്തിൽ സ്പർശിക്കുന്നതുമായ ഈ ദുരന്തപരിപാലന പ്രവർത്തനത്തിൽ നിങ്ങൾക്ക് ഓരോരുത്തർക്കും വളരെ നിർണ്ണായകമായ പങ്കു വഹിക്കാനാകും.

സാമൂഹിക സന്നദ്ധ സേനാംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർ കേരള സംസ്ഥാന ദുരന്ത പരിപാലന അതോറിറ്റി (KSDMA) ആരംഭിക്കുന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് (സാമൂഹിക സന്നദ്ധ സേനാംഗമായി പ്രവർത്തിക്കുന്നതിനു തടസ്സമാകാവുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒന്നുമില്ലെന്ന് സ്വയം സാക്ഷ്യപ്പെടുത്തിക്കൊണ്ട്) പേര് രജിസ്റ്റർ ചെയ്യേണ്ടത്. പ്രകൃതി ദുരന്തങ്ങളിൽ സഹായമെത്തിക്കുന്നതിനും ഉപരിയായി, ഏതൊരു പ്രാദേശിക പ്രതിസന്ധിയിലും സഹായം നൽകാനാകുന്ന സന്നദ്ധസേനയാകുന്നതിനുള്ള പരിശീലനം സർക്കാർ അവർക്കു ലഭ്യമാക്കുന്നതാണ്.

ഈ സാമൂഹിക സന്നദ്ധസേനയുടെ സജീവ പ്രവർത്തകരാകാൻ എല്ലാ യുവജനങ്ങളോടും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**പിണറായി. വിജയൻ**